ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**EX.IX-1/16368/HSE/2016**

തീയതി: 19/10/2017

# സർക്കുലർ

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസം - ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി തുല്യതാ പരീക്ഷ ഒക്ടോബർ 2017 - മൂല്യ നിർണ്ണയം -സംബന്ധിച്ച്

സൂചന:- വിജ്ഞാപനം നമ്പർ EX.IX/018770/HSE/2017 തീയതി 22/08/2017

2017 ഒക്ടോബർ 22 ന് അവസാനിക്കുന്ന ഒന്നും രണ്ടും വർഷ തുല്യതാപരീക്ഷകളുടെ മൂല്യനിർണ്ണയം താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പായി നടത്തുവാൻ ഉത്തരവായിട്ടുള്ളതാണ്.

ഇംഗ്ളീഷ് (ഒന്നാം വർഷം) - നെയ്യാറ്റിൻകര, തിരുവനന്തപുരം

ഇംഗ്ളീഷ് (രണ്ടാം വർഷം) - ഈസ്റ്റ് ഹിൽ, കോഴിക്കോട്

ഹിസ്റ്ററി (ഒന്നും രണ്ടും വർഷം) - കായംകുളം, ആലപ്പുഴ

ഇക്കണോമിക്സ് (ഒന്നും രണ്ടും വർഷം) - തിരുവല്ല, പത്തനംതിട്ട

പൊളിറ്റിക്കൽ സയൻസ് (ഒന്നും രണ്ടും വർഷം) - ഇടപ്പള്ളി, എറണാകുളം

ഗാന്ധിയൻ സ്റ്റഡീസ് (ഒന്നും രണ്ടും വർഷം) - ഇരിങ്ങാലക്കുട, തൃശൂർ

സോഷ്യോളജി (ഒന്നും രണ്ടും വർഷം) - ഇരിങ്ങാലക്കുട, തൃശൂർ

മലയാളം (ഒന്നും രണ്ടും വർഷം) - തൃശൂർ ടൗൺ

ഹിന്ദി (ഒന്നും രണ്ടും വർഷം) - തൃശൂർ ടൗൺ

ബിസിനസ് സ്റ്റഡീസ് (ഒന്നും രണ്ടും വർഷം) - തൃശൂർ ടൗൺ

അക്കൗണ്ടൻസി (ഒന്നും രണ്ടും വർഷം) - തൃശൂർ ടൗൺ

ഓരോ വിഷയത്തിന്റെയും അദ്ധ്യാപകർക്ക് മൂല്യനിർണ്ണയ ഡ്യൂട്ടി ലഭിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്. ഹയർസെക്കന്ററി തുല്യതാ കോഴ്സിൽ ക്ളാസുകൾ എടുക്കുന്ന അദ്ധ്യാപകർക്കും അതത് ക്യാമ്പുകൾ സ്ഥിതിചെയ്യുന്ന ജില്ലയിലെ സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്കും മുൻഗണന ലഭിക്കുന്നതാണ്. മൂല്യനിർണ്ണയ ഡ്യൂട്ടിക്കായി സമ്മതപത്രം രേഖപ്പെടുത്തുന്നതിനുള്ള ലിങ്ക് 23/10/2017 - ന് ലഭ്യമാക്കുന്നതാണ്. ലിങ്ക് 26/10/2017 വൈകുന്നേരം 5.00 മണി

വരെ ലഭ്യമായിരിക്കും. തുല്യതാ കോഴ്സിൽ ക്ളാസുകളെടുക്കുന്ന അദ്ധ്യാപകർ ലിങ്കിൽ ഇക്കാര്യം യഥാസ്ഥാനത്ത് രേഖപ്പെടുത്തേണ്ടതാണ്. മൂല്യനിർണ്ണയത്തിനുള്ള പ്രതിഫലം സംബന്ധിച്ച വിശദാംശങ്ങൾ ഹയർസെക്കന്ററി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഇതേ പരീക്ഷയുടെ വിജ്ഞാപനത്തിലെ പേജ് നമ്പർ 11 – ൽ നൽകിയിട്ടുണ്ട്. താല്പ്പര്യമുള്ള അദ്ധ്യാപകർ സമ്മതപത്രം രേഖപ്പെടുത്തേണ്ടതാണെന്ന് അറിയിക്കുന്നു. ഏതെങ്കിലും കാരണവശാൽ ആവശ്യത്തിനുള്ള അദ്ധ്യാപകരെ മൂല്യനിർണ്ണയത്തിനായി ലിങ്ക് വഴി ലഭ്യമാകാത്ത പക്ഷം പകരം അദ്ധ്യാപകരെ ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് നിയമിച്ച് ഉത്തരവ് നൽകുന്നതാണ്. അതാത് ജില്ലയ്ക്ക് പുറത്ത് നിന്ന് അദ്ധ്യാപകരെ നിയമിക്കുകയാണെങ്കിൽ അവർക്ക് മാത്രം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്ന് നിലവിലെ രീതിയിൽ അർഹമായ TA/DA നൽകുന്നതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)

പകർപ്പ്:-

ഒന്നും രണ്ടും വർഷ തുല്യതാപരീക്ഷയുടെ മൂല്യനിർണ്ണയത്തിന്
താല്പര്യമുള്ള ഹയർസെക്കന്ററി അദ്ധ്യാപകർക്ക് പോർട്ടൽ മുഖാന്തിരം